പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1672 — 22.03.2012 - ന് മറുപടിയ്ക്ക്

**തോന്നയ്ക്കലിൽ ബയോടെക്നോളജി പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ് | | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കലിൽ ആരംഭിക്കുന്ന ബയോടെക്നോളജി പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (എ) | തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ വില്ലേജിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ഐ.ഡി.സി മുഖാന്തരം സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ലൈഫ് സയൻസ് പാർക്കിൽ, ബയോടെക്നോളജി, നാനോടെക്നോളജി, ഫാർമസ്യൂട്ടിക്കൽസ്, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിലെ വ്യാവസായിക വികസനമാണ് ലക്ഷ്യമിടുന്നത്. ഈ മേഖലകളിൽ കേരളത്തിന്റെ പുരോഗതിയ്ക്ക് നാന്ദി കുറിയ്ക്കുന്നതിന് പ്രസ്തുത ലൈഫ് സയൻസ് പാർക്ക് നിസ്തുലമായ പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പദ്ധതി നടത്തിപ്പിന്റെ നാളിതുവരെയുള്ള പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഏകദേശം 40 ഏക്കർ ഭൂമി കെ.എസ്.ഐ.ഡി.സി ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമി, പ്രോജക്ടിന്റെ ഒന്നാം ഘട്ട വികസനത്തിനായി ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ലൈഫ് സയൻസ് പാർക്കിൽ ഒരു ആധുനിക ബയോടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ കെ.എസ്.ഐ.ഡി.സി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാർക്ക് ഏതു വർഷം പൂർത്തിയായി പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പാർക്കിന്റെ ഒന്നാം ഘട്ടം 2014-15 സാമ്പത്തിക വർഷത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ